"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്-വയനാട് ജില്ലയിലെ ആപ്ത മിത്ര വോളണ്ടിയേഴ്സിനും, ജില്ലയിലെ തെരഞ്ഞെടുക്കപ്പെടുന്ന 120 ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലനം നൽകുന്നതിന് വയനാട് ജില്ലാകളക്ടർക്ക് അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.484/2024/DMD തീയതി,തിരുവനന്തപുരം, 18-07-2024

---

പരാമർശം:-
1. മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 30/04/2024-ലെ MTO VI/716/2O24/Admin നമ്പർ കത്ത്.
2. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 27/06/2024-ലെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്ത് മുങ്ങിമരണങ്ങളും മറ്റ അപകടങ്ങളും കൂടി വരുന്ന സാഹചര്യത്തിൽ വയനാട് ജില്ലയിലെ ആപ്ത മിത്ര വോളണ്ടിയേഴ്സിനും, ജില്ലയിലെ തെരഞ്ഞെടുക്കപ്പെടുന്ന 120 ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലത്തിനായുള്ള ജില്ലാ ഹസാർഡ് അനലിസ്റ്റ് തയ്യാറാക്കിയ പ്രോജക്റ്റ് പ്രൊപ്പോസൽ ജില്ലാകളക്ടർ ശിപാർശ ചെയ്ത് സമർപ്പിക്കുകയും, ടി പദ്ധതി അനുവദനീയമായ ദുരന്തലഘൂകരണ പദ്ധതിയായതിനാൽ ആയതിലേക്കായി ആവശ്യപ്പെട്ട 14 ലക്ഷം രൂപ SDMF-ൽ നിന്നും അനുവദിക്കുന്നതിനായി പരാമർശം(1) പ്രകാരം മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുമുണ്ടായി.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 27/6/2024 ന് ചേർന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മേൽ പ്രൊപ്പോസൽ പരിശോധിച്ച് അംഗീകരിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് മുങ്ങിമരണങ്ങളും മറ്റ അപകടങ്ങളും കൂടി വരുന്ന സാഹചര്യത്തിൽ വയനാട് ജില്ലയിലെ ആപ്ത മിത്ര വോളണ്ടിയേഴ്സിനും, ജില്ലയിലെ തെരഞ്ഞെടുക്കപ്പെടുന്ന 120 ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും നീന്തൽ പരിശീലത്തിനായി വയനാട് ജില്ലാകളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശീലന കാലയളവിൽ ജില്ലാ കളക്ടർ സുരക്ഷാ മുൻകരുതലുകൾ ഉറപ്പാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അംഗീകരിച്ച് ഉത്തരവാകുന്നു. പരിശീലനത്തിനായി ആവശ്യത്തിന് പരിശീലകരെയും സിവിൽ ഡിഫൻസ് അംഗങ്ങളെയും വിന്യസിപ്പിക്കുന്നതിനുള്ള നടപടി ജില്ലാകളക്ടർ സ്വീകരിക്കണം. മേൽ പരിശീലനത്തിന് ആവശ്യമായ 14 ലക്ഷം രൂപ(പതിനാല് ലക്ഷം രൂപ മാത്രം) സംസ്ഥാന ദുരന്ത ലഘൂകരണനിധിയുടെ 2245-07-101-98 NV SDMF- Non Structural Mitigation എന്ന

ശീർഷകത്തിൽ നിന്ന് വയനാട് ജില്ലാകളക്ടർക്ക് അനുവദിക്കുന്നു. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം.
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ, ദുരന്ത നിവാരണം.
ജില്ലാകളക്ടർ, വയനാട്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sivaprasad V N**
**Date: 19-07-2024 12:42:07**
സെക്ഷൻ ഓഫീസർ